മിസ്റ്റർ പി. കെ. ഡീവർ: ആമ്പല്ലൂർനിന്ന് എറണാകുളത്തേക്ക് കൊണ്ടുവരുന്നുണ്ടോ?

റാവുസാഹിബ് എം. എം. പോൾ: ഇല്ല.

PRICE OF RICE IN COCHIN STATE AND BRITISH-COCHIN

142. മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ബഹുമാനപ്പെട്ട ഗവൺമെന്റ് താഴെ പറയുന്ന ചോദ്യങ്ങൾക്ക് ദയവായി മറുപടി പറയുമോ.—

(എ) ഇന്നു കൊച്ചിരാജ്യത്തിൽ റേഷൻ കാർഡുകാർക്കു കൊടുത്തുവരുന്ന അരിയുടെ വില, ഇടങ്ങഴി ഒന്നുക്കും, ബ്രിട്ടീഷ് കൊച്ചിയിൽ കൊടുത്തുവരുന്ന അരിയുടെ വില ഇടങ്ങഴി ഒന്നുക്കും എന്തു വ്യത്യാസമുണ്ട്;

(ബി) ഈ വ്യത്യാസം ഇല്ലായ്മചെയ്ത് ബ്രിട്ടീഷിലുള്ള വിലക്കുതന്നെ അരി കൊച്ചിയിലും കൊടുക്കുവാൻ ഇപ്പോൾത്തന്നെ സാദ്ധ്യമല്ലെ;

(സി) അല്ലെങ്കിൽ എന്തുകൊണ്ട്?

റാവു സാഹിബ് എം. എം. പോൾ: (എ) ഇവിടെ അരി ഇടങ്ങഴിക്ക് 8 ണ. 0 സ. യും താണതരം അരി ഇടങ്ങഴിക്ക് 6 ണ. 0 സ. ആയും ആണ് വിൽക്കുന്നത്. ബ്രിട്ടീഷ് കൊച്ചിയിൽ അരിയുടെ വില ഇടങ്ങഴിക്ക് 8 ണ 6 സ. ആണെന്നാണറിവ്.

(ബി) അല്ല.

(സി) ബ്രിട്ടീഷ്കൊച്ചിയിൽ വിതരണം ചെയ്യുന്നതിനു് അരി മദ്രാസ് സംസ്ഥാനത്തുനിന്നും ലഭിക്കുന്നതാണ്. എന്നാൽ കൊച്ചിരാജ്യത്തു് ആവശ്യമുള്ള അരിയിൽ ഏറിയഭാഗവും പുറമെ വിദൂരരാജ്യങ്ങളിൽനിന്നു വരുന്നതാണ്. അവിടത്തെ അരിയുടെ വില കൂടുതലാണെന്നുള്ളതിനു പുറമെ അവിടെനിന്നു അരി കൊണ്ടുവരുവാനുള്ള ചിലവും വളരെ അധികമാണ്. ഇപ്പോൾ അരിയുടെ വില കുറച്ചിരിക്കുന്നതുതന്നെ വളരെ നഷ്ടം സഹിച്ചിട്ടാണ്. ഇനിയും വില കുറക്കുകയാണെങ്കിൽ വമ്പിച്ച നഷ്ടം സഹിക്കേണ്ടിവരും.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: പുറരാജ്യങ്ങളിൽനിന്നു് അരികൊണ്ടുവരുവാനുള്ള ചിലവ് അധികമാണ് എന്നു പറഞ്ഞുവല്ലോ. അരികൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് കുറക്കുവാൻ നിവൃത്തിയില്ലേ?

റാവുസാഹിബ് എം. എം. പോൾ: മിനിമം ചാർജ്ജാണ് ഇപ്പോഴുള്ളതു്.

മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്: ഇപ്പോൾ പഞ്ചാബിൽനിന്നു നേരിട്ട് അരി കൊണ്ടുവരുന്നതിനു പകരം മദ്രാസ് ഗവൺമെണ്ടിൽനിന്നും കൊച്ചിക്കാവശ്യമുള്ള അരി വാങ്ങുന്നതിനുള്ള ഏർപ്പാടു് ചെയ്യുന്നതുകൊണ്ടും ഇൻഡ്യഗവൺമെണ്ടുമായിട്ട് ഇടപെടുവാൻ കൊച്ചി ഗവൺമെണ്ടിനു സാധിച്ചിട്ടില്ലേ?

റാവുസാഹിബ് എം. എം. പോൾ: കുറെയൊക്കെ സാധിച്ചിട്ടുണ്ട്. അങ്ങിനെയായാൽ കൂടിയും ട്രാൻസ്പോർട്ടിംഗ് ചാർജ്ജസ് നാം വഹിക്കേണ്ടിവരും.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: താണതരം അരി ഇടങ്ങഴിക്ക് 6 ണ. 0 പൈക്ക് വിൽക്കുന്നുവെന്നു പറഞ്ഞതിട്ടുണ്ട്. ഏതുതരം അരിയാണതു്?

റാവുസാഹിബ് എം. എം. പോൾ: തീരെ പൊടിഞ്ഞതാണ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതു് എവിടെനിന്നു വന്നുകൂടുന്നതാണാദ്യവാ?

റാവുസാഹിബ് എം. എം. പോൾ: അതു് വരുത്തുന്ന അരിയുടെ കൂട്ടത്തിൽ പെട്ടതും ഇവിടെ കുത്തുന്ന അരിയിൽനിന്നുകിട്ടുന്നതുമാണ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അരി നല്ലപോലെ നോക്കി വാങ്ങുവാൻ സാധിക്കാത്തതുകൊണ്ടല്ലേ ഇങ്ങിനെ മോശമായ അരി കിട്ടുവാൻ സംഗതിയായിട്ടുള്ളതു്?

റാവുസാഹിബ് എം. എം. പോൾ അല്ലാ, അരി നോക്കി വാങ്ങുവാനുള്ള വേണ്ടഏർപ്പാടു ചെയ്തിട്ടുണ്ട്. ആ തൊഴിലിൽ അറിവും പരിചയവുമുള്ള ആളുകളാണ് അരി വാങ്ങുന്നതു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴ്ന്നതരം അരിയുടെ നഷ്ടംകൂടി കണക്കാക്കിയാണോ ബ്രിട്ടീഷിലേക്കാൾ കൂടുതൽ വിലക്ക് ഇവിടെ അരിവില്ക്കുന്നതു്?

റാവുസാഹിബ് എം. എം. പോൾ: അല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: മൃഗങ്ങളുടെ ആവശ്യത്തിനുപയോഗിക്കുവാൻ വേണ്ടിയാണോ താണതരം അരി കൊടുക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എം. എം. പോൾ: അല്ല, ആളുകൾക്ക ഉപയോഗിക്കാൻ കൊള്ളാത്തതു് അങ്ങിനെ കൊട്ടക്കണമില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: പഞ്ചാബിൽനിന്നു് കൊച്ചീരാജ്യത്തേക്കു് അരി കിട്ടാവണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ചിലപ്പോൾ കിട്ടാവണ്ടു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: അതിന്റെ ട്രാൻസ്പോർട്ട് ചാർജ്ജു് ഉൾപ്പടെ എന്തുവിലക്കാണു് അവിടെനിന്നു് അരികിട്ടുന്നതു്?

റാവുസാഹിബ്ബ് എം. എം. പോൾ: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നമുക്കു കോപ്പാട്ടാ പ്രകാരമുള്ള മുളകും ഉള്ളിയും വരുന്നതുവരെ അതു കച്ചവടക്കാർക്കു കമ്മീഷൻ കൊടുത്തു വരുത്തിക്കുടേ?

റാവുസാഹിബ്ബ് എം. എം. പോൾ: അതു അങ്ങിനെ വരുത്തിക്കുടാ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: വില കണക്കാക്കിട്ടുള്ളതു് മുങ്ങിപോയ പത്തേമാരിയുടെ നഷ്ടംകൂടി ചേർത്തിട്ടാണോ?

റാവുസാഹിബ്ബ് എം. എം. പോൾ: എതു നഷ്ടം വന്നിട്ടുണ്ടെന്നു് അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: പത്തേമാരികൾ ഇൻഷുവർ ചെയ്തിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ഇഷുവർ ചെയ്യാവണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: എല്ലാ പത്തേമാരികളും ഇൻഷുവർ ചെയ്യാവണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ഇല്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നമുക്കു നഷ്ടപ്പെട്ടപോയ അരിക്കു് ഇൻഷുവർ ചെയ്തിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ: ഉവ്വു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇൻഷുവർ ചെയ്തിട്ടുള്ളതുകൊണ്ടു് ആ നഷ്ടം തീരുകയില്ലേ?

റാവുസാഹിബ്ബ് എം. എം. പോൾ: എല്ലാ കാര്യത്തിനും അങ്ങിനെയില്ല.

മിസ്റ്റർ ജി. എസ്സു്. ധാരാസിങ്ങു്. ബ്രിട്ടീഷ്കൊച്ചിയിൽ വിതരണം ചെയ്യുന്ന അരി കൊച്ചീരാജ്യത്തേയ്ക്കു് മദ്രാസ് ഗവമ്മെണ്ടിൽനിന്നു കിട്ടാറില്ലേ?

റാവുസാഹിബ്ബ് എം. എം. പോൾ: കിട്ടാവണ്ടു്.

മിസ്റ്റർ ജി. എസ്സു്. ധാരാസിങ്ങു്: വേണ്ടിടത്തോളം കിട്ടണമെന്നു് ആവശ്യപ്പെട്ടിട്ടില്ലേ?

റാവുസാഹിബ്ബ് എം. എം. പോൾ: ധാരാളം ആവശ്യപ്പെട്ടിട്ടുണ്ടു്.

മിസ്റ്റർ ജി. എസ്സു്. ധാരാസിങ്ങു്: പിന്നെ എന്തുകൊണ്ടാണു് കിട്ടാത്തതു്?

റാവുസാഹിബ്ബ് എം. എം പോൾ: അവക്കു തരുവാൻ സാധിച്ചിട്ടില്ല. തരുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു് തരാത്തതു്. വളരെപ്രാവശ്യം അപേക്ഷിച്ചതിന്റെ ഫലമായിട്ടാണു് ഇപ്പോൾ കുറെ തരുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അവക്കു ആവശ്യമില്ലാത്ത അരിയാണൊ നമുക്കു തരുന്നതു്?

റാവുസാഹിബ്ബ് എം. എം. പോൾ: അല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മുങ്ങിപ്പോയ പത്തേമാരികൾ ഇൻഷുവർ ചെയ്തിട്ടുള്ളവയായതുകൊണ്ടു് അതിന്റെ നഷ്ടം കമ്പനിക്കാരിൽനിന്നും കിട്ടുകയില്ലേ?

റാവുസാഹിബ്ബ് എം. എം. പോൾ: കിട്ടും. എന്നാൽ എല്ലാ സംഗതിയിലുമില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇൻഷുവർ ചെയ്യാത്ത ഏതെങ്കിലും പത്തേമാരി നഷ്ടപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. കെ പോൾ: മദ്രാസ് ഗവമ്മേണ്ടിന്നു ചുരുങ്ങിയ വിലക്കു് ഇവിടെനിന്നും വിറക കിട്ടുമ്പോൾ അവിടെനിന്നു കുറെ അരി നമുക്കു കിട്ടുവാൻ മാർഗ്ഗമില്ലേ?

മിസ്റ്റർ പി. കെ. ഡീവർ: ഈ താണതരം അരി എവിടെയാണു് വില്ക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് എം. എം. പോൾ : എല്ലാദിക്കിലും കിട്ടും.

മിസ്റ്റർ പി. കെ. ഡീവർ : ഈ അരി കിട്ടുന്ന ഏതെങ്കിലും ഒരു ഷാപ്പിന്റെ പേരു പറയാമോ?

റാവുസാഹിബ്ബ് എം. എം. പോൾ : കിട്ടാത്തതുണ്ടോ എന്നു നോട്ടീസ്സു വേണം.

മിസ്റ്റർ പി. കെ. ഡീവർ : ഏതെങ്കിലും വില്ലുണ്ടോ എന്നു അന്വേഷിക്കുമോ?

റാവുസാഹിബ്ബ് എം. എം. പോൾ : അന്വേഷിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : കന്നുകാലികളുടെ ഉപയോഗത്തിനു ഇതിലും താണതരം അരി വേറെയുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ : ഉണ്ടു്,

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ : അതു പുറമെ കന്നുകാലികളുടെ ആവശ്യത്തിനുവേണ്ടി റേഷനനുസരിച്ചു കൊടുക്കാമോ?

മിസ്റ്റർ പി. നാരായണമേനോൻ: താണതരം അരി, മീതെയുള്ള അരി ഇങ്ങിനെ രണ്ടുതരം കാണുന്നുണ്ടു്. ഇതു രണ്ടിന്റേയും മദ്ധ്യത്തിലുള്ള അരി വേറെയുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ : ഇടത്തരമുണ്ടു്, പലതരമുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: മേലാലെങ്കിലും താണതരം അരികൊടുത്തു് ജനങ്ങളെ കഷ്ടപ്പെടുത്താതിരിക്കാമോ?

റാവുസാഹിബ്ബ് എം. എം. പോൾ : അതു് സാധുക്കൾക്കു വളരെ ഉപകാരമുള്ളതാണു.

മിസ്റ്റർ പി. നാരായണമേനോൻ: ഈ ജാതി അരി കിട്ടിയാൽ മതിയെന്നു് ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ : ആളുകൾ വളരെ താല്പര്യമായിട്ടു വാങ്ങിക്കൊണ്ടു പോകുന്നുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: മേൽത്തരം അരിയും താണതരം അരിയും തമ്മിലുള്ള വ്യത്യാസമെന്താണു്?

റാവുസാഹിബ്ബ് എം. എം. പോൾ : പൊടിയരിയായിട്ടുള്ളതു് കഞ്ഞിക്കു ഉപയോഗിക്കാവുന്നതാണു്.

മിസ്റ്റർ ജോസ് കെ. വറുഗീസ് : ഉദ്ദേശം എത്ര ടൺ അരി കടലിൽ താണു പോയിട്ടുണ്ടു്?

റാവുസാഹിബ്ബ് എം. എം. പോൾ : കുറച്ചേയുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എത്ര പത്തേമാരി മുങ്ങിപ്പോയിട്ടുണ്ടു്?

റാവുസാഹിബ്ബ് എം. എം. പോൾ : രണ്ടു്.

മിസ്റ്റർ ജോസ് കെ. വറുഗീസ് : എത്ര സംഖ്യ ഇൻഷുറൻസു വകയിൽ വസൂലായിട്ടുണ്ടു്?

റാവുസാഹിബ്ബ് എം. എം. പോൾ : ഒന്നും കിട്ടീട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : അരി കൊടുക്കുവാനായിട്ടു അന്യസ്ഥലങ്ങളിൽ ഏജന്റന്മാരെ നിയമിച്ചിട്ടുണ്ടല്ലോ. ഈ നാട്ടിലെ കച്ചവടക്കാർ ആരെങ്കിലും കമ്മീഷൻ പ്രകാരം പിടിക്കാമെന്നു പറഞ്ഞാൽ അവർക്കു കൊടുത്തുകൂടേ?

റാവുസാഹിബ്ബ് എം. എം. പോൾ : കൊടുത്തുകൂടാ.

മിസ്റ്റർ പി. ടി. ജേക്കബ്ബ് : എത്ര പത്തേമാരികളും ഇൻഷുറൻസ് ചാർജ്ജും നഷ്ടപ്പെട്ടുപോയിട്ടുണ്ടു്?

മിസ്റ്റർ സി. എസ്. പണിക്കർ : ഏതെല്ലാം പത്തേമാരികളാണു് ഇൻഷുവർ ചെയ്തിട്ടുള്ളതു്; ഏതെല്ലാമാണു് ഇൻഷുവർ ചെയ്തിട്ടില്ലാത്തതു്; ഏതിനെല്ലാമാണു് നഷ്ടം വന്നിട്ടുള്ളതു് എന്നെല്ലാം അന്വേഷിച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് എം. എം. പോൾ : ചിലപ്പോൾ മാത്രമേ ഈവക നഷ്ടങ്ങൾ വരുകയുള്ളു.

മിസ്റ്റർ പി. കെ. ഡീവർ: താണതരം അരിയും ഉയർന്നതരം അരിയുംകൂടി കൂട്ടിക്കലർത്തി വിൽക്കുന്നതായിട്ടു ഗവർമ്മേണ്ടിന്നറിയാമോ; അതിനെപ്പറ്റി അന്വേഷിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് എം. എം. പോൾ : അന്വേഷിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : പത്തേമാരി മുങ്ങിപ്പോയിട്ടുള്ളതു് എനിമി ആക്ഷൻ കൊണ്ടാണോ?

റാവുസാഹിബ് എം. എം. പോൾ : നോട്ടീസ്സു വേണം.

മിസ്റ്റർ സി. ജെ. ചിറയത്തു് : ഇൻഷുറൻസു കമ്പനികൾ ഏതെല്ലാമാണെന്നു പറയാമോ?

റാവുസാഹിബ് എം. എം. പോൾ : നോട്ടീസ്സു വേണം.

PERMITS FOR THE TRANSPORT OF PADDY—DELAY IN ISSUE OF

143. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) നെല്ലുകൊണ്ടുപോകാൻ അനുവാദത്തിനു് അപേക്ഷിച്ചാൽ പെർമിറു കിട്ടണമെങ്കിൽ എത്ര മാസത്തെ താമസം വേണ്ടിവരും;

(ബി) വിരിപ്പു കൃഷിയിലെ നെല്ലു് വീട്ടാവശ്യത്തിലേക്കു കൊണ്ടുപോകുവാൻ പെർമിറു അപേക്ഷിച്ചിട്ടു പെർമിറു കൊടുക്കാത്ത അപേക്ഷ ഇനിയും എത്ര ബാക്കിയുണ്ടു്;

(സി) പെർമിറു കൊടുക്കുവാൻ ഇത്ര അധികം താമസിക്കുന്നതിനുള്ള കാരണം എന്തു്?

റാവു സാഹിബ് എം. എം. പോൾ: (എ) പെർമിറു കൊടുക്കുന്നതിനു് മതിയായ വിവരങ്ങളോടുകൂടി കിട്ടുന്ന അപേക്ഷകൾക്കു് അപ്പപ്പോൾത്തന്നെയും അല്ലാത്തവയ്ക്കു വേണ്ടത്ര വിവരങ്ങൾ ശേഖരിച്ചതിനുശേഷവും പെർമിറുകൾ കൊടുക്കുന്നുണ്ടു്. സാധാരണ ഗതിയിൽ ഒരു ദിവസത്തിനകം പെർമിറു കൊടുക്കുന്നതാണു്. എന്നാൽ പൂർണ്ണവിവരങ്ങളടങ്ങാത്ത ഹരജികൾക്കു കൂടുതൽ കാലതാമസം വന്നേക്കാം. മാരോ ഹണ്ടിയെപ്പറ്റിയും നടത്തേണ്ട അന്വേഷണങ്ങളുടെ സ്വഭാവം അനുസരിച്ചായിരിക്കും മറുപടി അയക്കുവാനുള്ള താമസം.

(ബി) ഇന്നപ്പുവിലെ നെല്ലിനുള്ള ഇത്ര അപേക്ഷകൾ ബാക്കിയുണ്ടെന്നു പറയുവാൻ സാദ്ധ്യമല്ല. ഉ ഉ ൨ ചിങ്ങം ൧-ാംനു- മുതൽ മിഥുനം ൩൧-ാംനു-വരെ 16th August 1944 to 15th July 1945 നെല്ലോ അരിയോ കൊണ്ടുപോകുവാൻ പെർമിറാവശ്യപ്പെട്ടുകൊണ്ടു് കിട്ടിയിട്ടുള്ള ൩൨൯ അപേക്ഷകളിൽ ൨൭ അപേക്ഷകൾ മാത്രമെ ബാക്കിയുള്ളു.

(ഡി) അപേക്ഷകന്മാർ നിയമാനുസരണം ഗവൺമെണ്ടിലേക്കു സമർപ്പിക്കേണ്ടതായ കൃഷിസംബന്ധമായ വിവരങ്ങളടങ്ങിയ പട്ടികകൾ സമർപ്പിക്കാതിരിക്കുമ്പോഴോ അഥവാ അതുകൾ സമർപ്പിക്കുകയാണെങ്കിൽത്തന്നെ അവയിൽ വേണ്ടത്ര വിവരങ്ങൾ പൂർണ്ണമായിലഭിക്കാതിരിക്കുമ്പോഴൊ ആണു് പെർമിറു കിട്ടുവാൻ താമസം നേരിടുന്നതു്. അപ്രകാരമല്ലാത്ത ന്യായമായ അപേക്ഷകളെ സംബന്ധിച്ചു് താമസം നേരിടുന്നില്ല.

മിസ്റ്റർ കെ. എസ്. പണിക്കർ: ഉ ഉ ൨ ചിങ്ങമാസം ൩൧-ാംനു- കാട്ടൂരിൽനിന്നു എറണാകുളത്തേക്കു നെല്ലു് കൊണ്ടുവരുവാൻ പർമിറു കിട്ടണമെന്നു് എറണാകുളം നിവാസിയായ കൊച്ചുവക്കി അപേക്ഷിച്ചതു് എത്ര മാസം കഴിഞ്ഞാണു് അനുവദിച്ചതു്?

റാവുസാഹിബ് എം. എം. പോൾ : നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എത്ര പ്രാവശ്യം വക്കീൽ മിസ്റ്റർ ചെറിയാൻ മാഞ്ഞൂരാനെ കൂട്ടി ഹാജരായിട്ടുണ്ടു്?

റാവുസാഹിബ് എം. എം. പോൾ : പലപ്പോഴും ഹാജരായിട്ടുണ്ടു്. കൊച്ചുവക്കിയുടെ കണക്കുകളിൽ ചില പിശകുകളെല്ലാമുണ്ടെന്നു് ആക്ഷേപമുണ്ടായി. വലിയ അന്വേഷണം നടത്തി കണ്ടുപിടിക്കുകയുണ്ടായി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : വിലയ എന്നു പറഞ്ഞാൽ ഹിമാലയത്തോളം വരുമോ? അദ്ദേഹത്തിന്റെ ചിലവു വകയ്ക്കുള്ള നെല്ലു് അനുവദിച്ചിട്ടുണ്ടോ?

റാവുസാഹിബ് എം. എം. പോൾ : ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എന്നാണു് അനുവദിച്ചതു്?

റാവുസാഹിബ് എം. എം. പോൾ : നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly